**കെ.എസ്.ആർ.ടി.സി. സ്വിഫ്റ്റിൽ ഡ്രൈവർ-കം-കണ്ടക്ടർ തസ്തികയിലേക്ക് അപേക്ഷകൾ ക്ഷണിക്കുന്നു.**

കെ.എസ്.ആർ.ടി.സി. യ്ക്കു വേണ്ടി ദീർഘദൂര സർവ്വീസുകൾ നടത്തുന്നതിനായി ബസ്സുകളും മറ്റ് അനുബന്ധ സാങ്കേതിക അടിസ്ഥാന പിന്തുണ നൽകുന്ന കെ.എസ്.ആർ.ടി.സി. സ്വിഫ്റ്റ് (ഒരു കേരള സർക്കാർ സ്ഥാപനം) ഡ്രൈവർ-കം-കണ്ടക്ടർ ജോലിക്ക് ദിവസ വേതന വ്യവസ്ഥയിൽ അപേക്ഷകൾ ക്ഷണിക്കുന്നു. കെ.എസ്.ആർ.ടി.സി. സ്വിഫ്റ്റിന്റെ സേവന വ്യവസ്ഥകൾ അംഗീകരിക്കുന്നതിന് സമ്മതമുള്ള കെ.എസ്.ആർ.ടി.സി.യുടെ നില വിലെ ജീവനക്കാർക്കും അപേക്ഷ സമർപ്പിക്കാവുന്നതാണ്.

**വിവരണം**

കെ.എസ്.ആർ.ടി.സി. യുടെ ദീർഘദൂര സർവ്വീസുകൾ കാര്യക്ഷമമായി നടത്തുന്നതിനായി അടിസ്ഥാന സൗകര്യങ്ങൾ, സാങ്കേതിക, ഭരണ നിർവ്വഹണം, പ്രവർത്തനക്ഷമത എന്നീ മേഖലകളിലുള്ള പിന്തുണ നൽകുന്നതിനായി കെ.എസ്.ആർ.ടി.സി. സ്വിഫ്റ്റ് എന്ന പേരിൽ കേരള സർക്കാർ ഒരു സ്വതന്ത്ര കമ്പനി രൂപീകരിച്ചിരിക്കുന്നു.

കെ.എസ്.ആർ.ടി.സി. സ്വിഫ്റ്റ് ലിമിറ്റഡ് തിരുവനന്തപുരത്ത് ഉടൻതന്നെ പ്രവർത്തനം ആരംഭിക്കുന്നതാണ്. കെ.എസ്.ആർ.ടി.സി.യുടെ അഭിമാന സർവ്വീസുകളായ ദീർഘദൂര സർവ്വീസുകൾ നടത്തുന്നതിനായി യോഗ്യരായവരിൽ നിന്ന് ദിവസവേതന വ്യവസ്ഥയിലും കെ.എസ്.ആർ.ടി.സി.യിൽ നിന്നുള്ളവരെ വർക്കിംഗ് അറേഞ്ച് വ്യവസ്ഥയിലും ഡ്രൈവർ-കം-കണ്ടക്ടർ ജോലിക്കു നിയമിക്കുന്നതിനായി കെ.എസ്.ആർ.ടി.സി. സ്വിഫ്റ്റ് അപേക്ഷകൾ ക്ഷണിക്കുന്നു.

**യോഗ്യതകൾ**

1. ഉദ്യോഗാർത്ഥി MV Act 1988 പ്രകാരമുള്ള ഹെവി ഡ്രൈവിംഗ് ലൈസൻസും, മൂന്ന് വർഷം ഹെവി വാഹനങ്ങൾ ഓടിച്ചുള്ള പ്രവർത്തി പരിചയം ഉണ്ടായിരിക്കുകയും, തെരഞ്ഞെടുക്കപ്പെട്ടാൽ കണ്ടക്ടർ ലൈസൻസ് മോട്ടോർ വെഹിക്കിൾ ഡിപ്പാർട്ട്മെന്റിൽ നിന്നും കരസ്ഥമാക്കിയിരിക്കുകയും വേണം.
2. അംഗീകൃത ബോർഡ്/സ്ഥാപനത്തിൽ നിന്ന് പത്താം ക്ലാസ് പാസായിരിക്കണം.
3. ഒരു കണ്ടക്ടർക്ക് ആവശ്യമായ സാമാന്യ കണക്കുകൾ കൂട്ടാനും കുറയ്ക്കാനും ഗുണിക്കുവാനും ഹരിക്കുവാനും അറിവുണ്ടായിരിക്കണം.
4. മലയാളവും ഇംഗ്ലീഷും എഴുതുവാനും വായിക്കുവാനും അറിവുണ്ടായിരിക്കണം.
5. ടി നിയമനവുമായി ബന്ധപ്പെട്ട് രൂപീകരിക്കുന്ന സെലക്ഷൻ കമ്മിറ്റി നടത്തുന്ന ട്രേഡ് ടെസ്റ്റ് പാസായിരിക്കണം.
6. വാഹനങ്ങളുടെ പ്രവർത്തനത്തെപ്പറ്റിയുള്ള അറിവും വാഹനങ്ങളിൽ ഉണ്ടാകുന്ന ചെറിയ തകരാറുകൾ കണ്ടെത്തി പരിഹരിക്കുന്നതിനുള്ള അറിവും ഉണ്ടായിരിക്കണം.

7. പ്രായം : അപേക്ഷ സമർപ്പിക്കുന്നതിനുള്ള അവസാന തീയതിയിൽ 45 വയസ്സ് വരെ

8. ദീർഘദൂര സർവ്വീസുകളിൽ തുടർച്ചയായ 12 മണിക്കൂർ വരെ ജോലി ചെയ്യുവാൻ ആവശ്യമായ ആരോഗ്യവും, കാഴ്ച ശക്തിയും ഉണ്ടായിരിക്കണം.

അനുബന്ധത്തിൽ വിവരിച്ചിരിക്കുന്ന വ്യവസ്ഥകളിൽ ദിവസ വേതനത്തിന് ജോലി നിർവ്വഹിക്കുവാൻ സന്നദ്ധരായ യോഗ്യതയുള്ളവരും നിലവിൽ കെ.എസ്.ആർ.ടി.സി. യിൽ സേവനം അനുഷ്ഠിക്കുന്ന ജീവനക്കാരിൽ കെ.എസ്.ആർ.ടി.സി. സ്വിഫ്റ്റ് നിശ്ച യിക്കുന്ന സേവന വേതന വ്യവസ്ഥകൾ അംഗീകരിച്ച് സേവനം അനുഷ്ഠിക്കുവാൻ സന്നദ്ധരായവരും www.cmdkerala.net എന്ന വെബസൈറ്റിൽ നൽകിയിട്ടുള്ള മാതൃകയിൽ ഓൺലൈനായി അപേക്ഷകൾ സമർപ്പിക്കേണ്ടതാണ്. കെ.എസ്.ആർ.ടി. സി. യിൽ നിന്നുള്ള ജീവനക്കാർ വർക്കിംഗ് അറേഞ്ച്മെന്റ് വ്യവസ്ഥയിൽ കെ.എസ്. ആർ.ടി.സി. സ്വിഫ്റ്റിൽ സേവനം അനുഷ്ഠിക്കേണ്ടതും അതിനായി K-SWIFT -മായി പ്രത്യേക കരാറിൽ ഏർപ്പെടേണ്ടതുമാണ്. കാലാകാലങ്ങളിൽ മാനേജ്മെന്റ് പൊതു താൽപര്യങ്ങൾക്ക് അനുസൃതമായി ഭേദഗതി വരുത്താവുന്നതുമായ ഇതു സംബ ന്ധിച്ചുള്ള കരാർ വ്യവസ്ഥകൾ അനുബന്ധമായി ഉള്ളടക്കം ചെയ്തിരിക്കുന്നു.

താൽപര്യമുള്ളവർ അപേക്ഷയോടൊപ്പം വിദ്യാഭ്യാസ യോഗ്യത, പ്രവർത്തി പരിചയം, വയസ്സ് എന്നിവ തെളിയിക്കുന്ന സ്വയം സാക്ഷ്യപ്പെടുത്തിയ സർട്ടിഫിക്കറ്റുകളുടെ പകർപ്പുകൾ, പാസ്പോർട്ട് സൈസ് ഫോട്ടോ തുടങ്ങിയവ ഉൾപ്പെടുത്തി 08.02.2022 -ന് വൈകുന്നേരം 5 മണിയ്ക്ക് മുൻപായി www.cmdkerala.net എന്ന വൈബ്സൈറ്റിൽ ഓൺലൈനായി സമർപ്പിക്കേണ്ടതാണ്. ഓൺലൈൻ വഴി അല്ലാതെ സമർപ്പിക്കുന്ന അപേക്ഷകൾ യാതൊരു കാരണവശാലും സ്വീകരിക്കുന്നതല്ല.

24.01.2022 **ചെയർമാൻ & മാനേജിംഗ് ഡയറക്ടർ**

അനുബന്ധം

## ഡ്രൈവർ-കം-കണ്ടക്ടർ : സേവന-വേതന വ്യവസ്ഥകൾ

(താഴെപ്പറയുന്ന വ്യവസ്ഥകൾ സൂചന മാത്രമാകുന്നു. കാലാകാലങ്ങളിൽ കെ.എസ്.ആർ. ടി.സി. സ്വിഫ്റ്റ് മാനേജ്മെന്റ് തീരുമാനിക്കുന്ന മാറ്റങ്ങൾ നടപ്പിലാക്കുന്നതാണ്.)

---

ഡ്രൈവർ-കം-കണ്ടക്ടർ ജോലിയിൽ സേവനം അനുഷ്ഠിക്കുന്നതിന് കെ.എസ്.ആർ.ടി.സി. സ്വിഫ്റ്റ് കമ്പനി പുറപ്പെടുവിക്കുന്നതും, കാലാകാലങ്ങളിൽ ഭേദഗതി ചെയ്ത് പുറപ്പെടുവിക്കുന്നതുമായ എല്ലാ ഉത്തരവുകൾക്കും വിധേയമായി പ്രവർത്തിക്കേണ്ടതും, ചുവടെ ചേർത്തിരിക്കുന്ന നിബന്ധനകൾ, ജോലികൾ, ഉത്തരവാദിത്വങ്ങൾ എന്നിവ അടിസ്ഥാനമാക്കി സേവനം അനുഷ്ഠിക്കുവാൻ താൽപര്യമുള്ളവരാണ് അപേക്ഷിക്കേണ്ടത്.

### I. പൊതുവായ നിബന്ധനകളും വ്യവസ്ഥകളും

1. ദിവസവേതന വ്യവസ്ഥയിൽ പുറമെ നിന്നും തിരഞ്ഞെടുക്കപ്പെടുന്നവർക്കും, വർക്കിംഗ് അറേഞ്ച്മെന്റ് വ്യവസ്ഥയിൽ കെ.എസ്.ആർ.ടി.സി. -യിൽ നിന്നും തിരഞ്ഞെടുക്കപ്പെടുന്നവർക്കും കെ.എസ്.ആർ.ടി.സി. സ്വിഫ്റ്റിന്റെ സേവന വ്യവസ്ഥകൾ ഒരു പോലെ ബാധകമായിരിക്കും. KSRTC-SWIFT-ൽ നിയമിതരാകുന്നവർ സ്വിഫ്റ്റിന്റെ ഭരണസമിതി കാലാകാലങ്ങളിൽ പരിഷ്ക്കരിയ്ക്കുന്ന സേവന വേതന വ്യവസ്ഥകളിൽ ജോലി ചെയ്യുന്നതിന് സന്നദ്ധരായിരിക്കണം, ആയതിനാൽ K-SWIFTമായി കരാറിൽ ഏർപ്പെടേണ്ടതുമാണ്.

2. ദിവസവേതനം : ദിവസവേതന വ്യവസ്ഥയിൽ തെരഞ്ഞെടുക്കപ്പെടുന്നവർക്ക് 8 മണിക്കൂർ ഡ്യൂട്ടിയ്ക്ക് 715/- രൂപ ആയിരിക്കും ലഭിക്കുന്നത്. കെ.എസ്.ആർ.ടി.സി.യിൽ നിന്ന് വർക്കിംഗ് അറേഞ്ച്മെന്റ് വ്യവസ്ഥയിൽ ജോലിചെയ്യുന്ന ജീവനക്കാർക്ക്, കെ.എസ്.ആർ.ടി.സി.യിൽ അവർക്ക് ലഭിച്ചുകൊണ്ടിരിക്കുന്ന കെ.എസ്.ആർ.ടി.സി. യുടെ വേതനവും മറ്റ് ആനുകൂല്യങ്ങളും തുടന്നും കെ.എസ്.ആർ.ടി.സി.യിൽ നിന്നും ലഭിക്കുന്നതാണ്.

3. Sign in & sign off അടക്കമുള്ള 8 മണിക്കൂർ ഡ്യൂട്ടിയ്ക്ക് ശേഷമുള്ള അധിക അലവൻസ് താഴെപ്പറയും പ്രകാരമാണ്. ടി അലവൻസുകൾ വർക്കിംഗ് അറേഞ്ച്മെന്റ് വ്യവസ്ഥയിൽ സേവനം അനുഷ്ഠിക്കുന്ന കെ.എസ്.ആർ.ടി.സി. ജീവനക്കാർക്കും ബാധകമായിരിക്കും.

| | | | | | ആകെ അലവൻസ് |
|---|---|---|---|---|---|
| a) | 0-1 | മണിക്കൂർ അധികരിച്ചതിന് | : | Rs. 100/- | Rs. 100/- |
| b) | 1-2 | മണിക്കൂർ അധികരിച്ചതിന് | : | Rs. 75/- | Rs. 175/- |
| c) | 2-6 | മണിക്കൂർ അധികരിച്ചതിന് | : | Rs. 200/- | Rs. 375/- |

d) ദീർഘദൂര സർവ്വീസുകൾക്ക് നിർദ്ദിഷ്ട വിശ്രമ സമയത്തിന് അഡീഷണൽ ഡ്യൂട്ടി പരിഗണിക്കുന്നതല്ല, എന്നാൽ അധിക ബത്ത പരിഗണിയ്ക്കുന്നതാണ്. ഉദാ: രാവിലെ 8 മണിക്ക് തിരുവനന്തപുരത്തുനിന്നും ബാംഗ്ലൂരിൽ എത്തേണ്ടതും വൈകുന്നേരം 4 മണിയ്ക്ക് ബാംഗ്ലൂരിൽനിന്നും പുറപ്പെടേണ്ടതുമായ ബസിന്റെ ജീവനക്കാരന് 8 മണിക്കൂർ വിശ്രമ സമയത്തിന് അധിക ബത്ത നൽകുന്നതാണ്. ഇതിനായി അഡീഷണൽ ഡ്യൂട്ടി പരിഗണിയ്ക്കുന്നതല്ല.

4. അപകടങ്ങൾ ഉണ്ടാകാതെയും, ബസ്സുകൾക്ക് കേടുപാടുകൾ ഉണ്ടാകാതെയും ചുവടെ ചേർത്തിരിക്കുന്ന മേഖലകളിൽ മിച്ച പ്രകടനം കാഴ്ചവയ്ക്കുന്നവർക്ക് ഇൻസെന്റീവ് നൽകുന്നത് പരിഗണിയ്ക്കും.

   i. യാത്രക്കാരുമായി മികച്ച ഉപഭോക്തൃബന്ധം കാത്തുസൂക്ഷിക്കൽ

   ii. ബസുകളുടെ കൃത്യമായ പരിപാലനം

   iii. ബസ് എല്ലാ സമയവും വൃത്തിയായി സൂക്ഷിയ്ക്കുന്നത്.

   iv. ഡ്യൂട്ടിയിലെ കൃത്യനിഷ്ഠ

   v. ഡ്യൂട്ടി സമയത്ത് കൃത്യവും വൃത്തിയുള്ളതുമായ യൂണിഫോം ധരിയ്ക്കൽ

   vi. കൂടുതൽ വരുമാനം നേടുന്നതിനുള്ള മുൻകൈയെടുക്കൽ തുടങ്ങിയവ.

5. മതിയായ കാരണങ്ങൾ ഇല്ലാതെ ജോലിക്ക് ഹാജരാവാത്തതിനാൽ സർവ്വീസ് ക്യാൻസലേഷൻ/ ലേറ്റ് ഡിപ്പാർച്ചർ സംഭവിക്കുകയാണെങ്കിൽ അതിന്റെ പൂർണ്ണ ഉത്തരവാദിത്വം കാരണക്കാരായ ജീവനക്കാർക്ക് മാത്രമായിരിക്കും. ഇപ്രകാരം ഉണ്ടാകുന്ന നഷ്ടം ബന്ധപ്പെട്ട ജീവനക്കാരിൽ നിന്നും ഈടാക്കുന്നതാണ്.

6. ഡ്യൂട്ടി നിർണ്ണയം, റൂട്ട് സെലക്ഷൻ, ഡ്യൂട്ടി പാറ്റേൺ മുതലായവ മാനേജ്മെന്റ് തീരുമാനിക്കുന്നതും ആ തീരുമാനങ്ങൾ പൂർണമായും പാലിക്കുന്നതിന് ഡ്രൈവർ-കം-കണ്ടക്ടർമാർ ബാധ്യസ്ഥരുമാണ്.

**II. വേതന വ്യവസ്ഥകൾ:**

1. പ്രതിദിനം 1 ഡ്യൂട്ടിയും, ആഴ്ചയിൽ 1 വീക്കിലി ഓഫും മാത്രമെ അനുവദിക്കുകയുള്ളൂ.

2. ഒരു ഡ്യൂട്ടിക്ക് 715 /- (എഴുന്നൂറ്റി പതിനഞ്ച്) രൂപ ശമ്പളമായി അനുവദിയ്ക്കും.

3. കമ്പനി അംഗീകരിച്ചിട്ടുള്ള ഡ്യൂട്ടി റോസ്റ്റർ അനുസരിച്ച് ഹാജരാകേണ്ടതും വീക്കിലി ഓഫിന് അർഹത ഉണ്ടായിരിക്കുന്നതുമാണ്.

4. കാലാകാലങ്ങളിൽ നിഷ്ക്കർഷിയ്ക്കുന്ന കിലോമീറ്റർ അലവൻസ്, നൈറ്റ് അലവൻസ്, കളക്ഷൻ ബാറ്റ എന്നിവയ്ക്ക് അർഹത ഉണ്ടായിരിക്കുന്നതാണ്.

5. PF/ESI ആനുകൂല്യങ്ങൾ ജീവനക്കാർക്ക് ലഭിക്കുന്നതാണ്.

**III. സേവന വ്യവസ്ഥകൾ:**

1. രണ്ട് സെറ്റ് ജീവനക്കാർക്ക് (4 പേർക്ക്) ഒരു ബസ് നൽകുന്ന (ബസ് ക്രു മാര്യേജ് സിസ്റ്റം) ആയിരിക്കും നടപ്പിലാക്കുക. ഇപ്രകാരം നൽകുന്ന ജീവനക്കാർ ആകസ്മിക അവധികൾ എടുക്കുന്ന പക്ഷം റിസർവ് പൂളിൽ നിന്നും അവർക്ക് ഇഷ്ട മുള്ള ഡ്രൈവർ-കം-കണ്ടക്ടർമാരെ പകരം നിയോഗിക്കേണ്ടതാണ്.

2. ഡ്യൂട്ടി സമ്പ്രദായം/വേതനം/ഭരണപരമായ തീരുമാനങ്ങൾ മുതലായവ സംബന്ധിച്ച് കമ്പനി നിർണ്ണയിക്കുന്ന നിർദ്ദേശങ്ങൾ പ്രകാരം കാലാകാലങ്ങളിൽ ജോലി ചെയ്യേ ണ്ടതാണ്.

3. ദീർഘദൂര സർവ്വീസ് ഓപ്പറേറ്റ് ചെയ്യുന്നതിനാണ് D/C തസ്തികയിലുള്ള ജീവന ക്കാരെ ആദ്യഘട്ടത്തിൽ നിയോഗിക്കുന്നത്.

4. സർവ്വീസ് പുറപ്പെടുന്നതിന് മുൻപ് ബസ്സിനുൾവശം വൃത്തിയും വെടിപ്പും വരുത്തേ ണ്ടതും സീറ്റ് കവർ, വിൻഡോ കർട്ടൻ/വിൻഡോ ഗ്ലാസ് വൃത്തിയാണെന്ന് ഉറപ്പുവരു ത്തിയശേഷം മാത്രമെ സർവ്വീസിനായി ബസ് ഉപയോഗിക്കുവാൻ പാടുള്ളൂ.

5. സർവ്വീസ് പുറപ്പെടുന്നതിന് അരമണിക്കൂർ മുൻപ് നിർദ്ദിഷ്ട ബസ്, സർവ്വീസ് ഓപ്പറേ ഷന് പ്രാപ്തമാണോ എന്നത് പരിശോധിച്ച് യഥാസമയം bus bay –ൽ എത്തിക്കേ ണ്ടതാണ്.

6. ഡെസ്റ്റിനേഷൻ ബോർഡ് ബസ്സിൽ പ്രദർശിപ്പിക്കേണ്ടതാണ്.

7. കമ്പനി നിർദ്ദേശിക്കുന്ന യൂണിഫോം ധരിക്കുക, യൂണിഫോം ഏതായിരി ക്കണം/എപ്രകാരം ആയിരിക്കണം /എപ്രകാരം ധരിക്കണം എന്നിവ സ്വിഫ്റ്റ് കമ്പനി നിർദ്ദേശിക്കുന്ന രീതിയിൽ മാത്രമെ ധരിക്കുവാൻ പാടുള്ളൂ.

8. കമ്പനി നിർണ്ണയിക്കുന്ന സർവ്വീസ് പോകുന്നതിന് ബാധ്യസ്ഥനായിരിക്കണം. ഡ്യൂട്ടി നിർണ്ണയിക്കൽ, റൂട്ട് തിരഞ്ഞെടുക്കൽ, ഡ്യൂട്ടി സമ്പ്രദായം എന്നിവയിൽ യാതൊരു അഭിപ്രായ സ്വാതന്ത്ര്യവും ഉണ്ടായിരിക്കില്ല.

9. യാത്രക്കാരെ അതിഥികളായികണ്ട് പ്രവർത്തിക്കുകയും, കമ്പനിയുടെ താൽപര്യ ങ്ങൾക്ക് അനുസൃതമായി യാത്രക്കോരോട് സഭ്യവും വിനയാന്വിതവുമായി പെരുമാറു കയും അവരുടെ സുരക്ഷാ സംവിധാനങ്ങളിൽ ശ്രദ്ധ ചെലുത്തുകയും ഏതു സാഹചര്യത്തിലും യാത്രക്കാരുടെ സൗകര്യങ്ങൾക്ക് മുൻഗണന നൽകേണ്ടതു മാണ്.

10. ദീർഘ ദൂര സർവ്വീസ് തുടങ്ങുന്ന സമയത്ത് യാത്രക്കാർക്ക് വെൽക്കം ഡ്രിങ്ക്/സ്നാക്സ് നൽകേണ്ടതാണ്.

11. കമ്പനി നിർദ്ദേശിക്കും പ്രകാരം ലൈറ്റ് റിഫ്രഷ്മെന്റ്/കുടിവെള്ളം/ ഭക്ഷണം/ ബ്ലാങ്കറ്റ്/ യാത്രക്കിടെ ആവശ്യമായി വരുന്ന മറ്റ് സാധന സാമഗ്രികൾ എന്നിവ യാത്ര ക്കാർക്ക് ലഭ്യമാക്കേണ്ടതാണ്.

12. ബസ്സിനുള്ളിൽ കുപ്പിവെള്ളം, സ്നാക്സ്, സ്വീറ്റ്സ് തുടങ്ങിയ ലഘുഭക്ഷണങ്ങൾ (നിർദ്ദിഷ്ട കമ്പനിയുടെ ഉൽപ്പന്നങ്ങൾ) കമ്പനി നിർദ്ദേശാനുസരണം വിൽക്കേണ്ട താണ്.

13. കമ്പനി നിർദ്ദേശിക്കുംപ്രകാരം യാത്രക്കാരുടെ ലഗ്ഗേജുകൾ എടുത്ത് ബസ്സിൽ ഭദ്ര മായി വയ്ക്കുകയും, തിരികെ യാത്രക്കാർക്ക് കേടുപാടുകൾ കൂടാതെ നൽകുകയും ചെയ്യേണ്ടതാണ്.

14. ഓൺ-ലൈൻ റിസർവേഷൻ ചാർട്ട് പ്രകാരം മുൻകൂട്ടി യാത്രക്കാരെ ഫോണിലൂടെ ബന്ധപ്പെടേണ്ടതാണ്.

15. പരമാവധി യാത്രക്കാരെ ബസ്സിൽ കയറ്റുന്നതിനും, നിയമാനുസൃണം യാത്രക്കാരെ ബസ്സ് സ്റ്റോപ്പുകളിൽ ഇറക്കുന്നതിനും, നിർദ്ദിഷ്ട സ്റ്റോപ്പുകളിൽ നിർത്തുന്നതിനും ശ്രദ്ധാലുവാകേണ്ടതാണ്.

16. യാത്രാമദ്ധ്യേ യാത്രികന് മെഡിക്കൽ സഹായം അനിവാര്യമായാൽ മറ്റ് യാത്രക്കാരെ ബുദ്ധിമുട്ടിക്കാതെ സഹായ സജ്ജീകരണങ്ങൾ ഒരുക്കുവാൻ ശ്രമിക്കേണ്ടതാണ്.

17. യാത്രക്കാർ ഇറങ്ങുന്നതിനു മുൻപ് ബാലൻസ്, യാത്രക്കാരുടെ മറ്റ് വിലപിടപ്പുള്ള വസ്തുക്കൾ എന്നിവ ബസ്സിൽവച്ചു മറന്നുപോകാതിരിക്കാനുള്ള സന്ദേശം പ്രധാന സ്റ്റോപ്പുകളിൽ ജീവനക്കാർ നൽകേണ്ടതാണ്.

18. യാത്രാവേളയിൽ പ്രഭാത ഭക്ഷണം, ഉച്ചയൂണ്, രാത്രി ഭക്ഷണം തുടങ്ങിയവ സ്വിഫ്റ്റുമായി കരാറിൽ ഏർപ്പെടുന്ന നിലവാരമുള്ള ഹോട്ടലുകളിൽ യാത്രാവേള യിൽ യാത്രക്കാരിൽ നിന്ന് ഓർഡർ സ്വീകരിച്ച് മുൻകൂട്ടി ബുക്ക് ചെയ്യുകയും, യാത്രയ്ക്ക് കാലതാമസം ഉണ്ടാകാത്ത രീതിയിൽ റെസ്റ്റോറന്റിൽ നിന്നും കഴി ക്കാനുള്ള സാഹചര്യം ഉണ്ടാക്കേണ്ടതാണ്.

19. യാത്രാമദ്ധ്യേ ടയർ പഞ്ചർ കാരണം ബ്രേക്ക്ഡൗൺ ആകുന്നപക്ഷം ജീവന ക്കാർതന്നെ സ്റ്റെപ്പിനി ടയർ മാറ്റി സർവ്വീസ് നടത്തേണ്ടതാണ്.

20. ദീർഘദൂര സർവ്വീസുകൾ പോകുമ്പോൾ ഒരു ട്രിപ്പ് തീർന്നാൽ നിഷ്കർഷിക്കുന്ന സമയത്തിനുള്ളിൽ/ അടുത്ത ട്രിപ്പ് തുടങ്ങുന്നതിനു മുമ്പ് ബസ്സിനകം വൃത്തിയായി രിക്കണം.

21. യാത്രയിൽ ഭക്ഷണ അവശിഷ്ടങ്ങൾ, മിഠായി കവറുകൾ/വേസ്റ്റ്, പാഴ്വസ്തുക്കൾ തുടങ്ങിയവ ശേഖരിക്കുന്നതിനവുള്ള ഡെസ്റ്റ് ബിൻ കവർ നൽകേണ്ടതും, ട്രിപ്പ് തീരുന്നമുറയ്ക്ക് ഇവ ബസ്സിനുള്ളിൽ നിന്നും എടുത്തുമാറ്റേണ്ടതുമാണ്.

22. ബസ്സിനുള്ളിൽ സന്ദർശക പുസ്തകം യാത്രക്കാർ കാണത്തക്കരീതിയിൽ സൂക്ഷി ക്കേണ്ടതും, യാത്രക്കാർ ആവശ്യപ്പെടുന്ന മുറയ്ക്ക് അവരുടെ അഭിപ്രായം രേഖപ്പെ ടുത്തുവാൻ ലഭ്യമാക്കേണ്ടതുമാണ്.

23. വീൽചെയർ ഉപയോഗിക്കുവാൻ പറ്റുന്ന ബസ്സുകളിൽ ആയതിലേയ്ക്കായി ബസ് താഴ്ത്തി അംഗപരിമിതർക്കു കയറാനും ഇറങ്ങാനും യത്രചെയ്യുവാനും വേണ്ട സഹായം ലഭ്യമാക്കേണ്ടതാണ്.

24. വൃദ്ധർ/അന്ധർ, അംഗപരിമിതർ തുടങ്ങിയവരെ കയറ്റുമ്പോഴും ഇറക്കുമ്പോഴും വേണ്ട സഹായങ്ങൾ ചെയ്യേണ്ടതും പരിപൂർണ്ണ ശ്രദ്ധ പുലർത്തേണ്ടതുമാണ്.

25. പ്രത്യേക ശ്രദ്ധ ആവശ്യമായിവരുന്ന മുതിർന്ന പൗരന്മാർ, ഒറ്റയ്ക്കു യാത്രചെയ്യുന്ന സ്ത്രീകൾ, അംഗവൈകല്യമുള്ളവർ തുടങ്ങിയ യാത്രക്കാർക്ക് ആവശ്യമെങ്കിൽ ആഹാരം പുറത്തുനിന്നും വാങ്ങി നൽകണം.

26. ലോജിസ്റ്റിക്സ് സംബന്ധമായ പാഴ്സലുകൾ, കാർഗോ, കത്തുകൾ, ഡോക്യുമെന്റുകൾ തുടങ്ങിയവ അതീവ ശ്രദ്ധയോടെ കൈകാര്യം ചെയ്യേണ്ടതും യഥാസമയം ബന്ധപ്പെട്ടവരെ ഏൽപ്പിക്കേണ്ടതുമാണ്.

27. കേവല കാരണങ്ങൾ പറഞ്ഞുകൊണ്ട് അവധി അപേക്ഷിക്കുക, നിസ്സാര കാരണങ്ങളാൽ ജോലിയ്ക്ക് ഹാജരാകാതിരിക്കുക/ യഥാസമയം ഹാജരാകാത്തപക്ഷം സർവ്വീസ് ക്യാൻസലേഷൻ/ ട്രിപ്പ് കർട്ടയിൽമെന്റ്/ ലേറ്റ് ഡിപ്പാർച്ചർ എന്നിവ ഉണ്ടായാൽ അതിന്റെ പൂർണ്ണ ഉത്തരവാദിത്വം ജീവനക്കാർക്ക് ആയിരിക്കും.

28. പ്രകോപനം ഉണ്ടാകുന്ന രീതിയിൽ യാത്രക്കാർ സംസാരിച്ചാൽ പോലും "Customer is the most important person" എന്ന ഗാന്ധി വചനത്തിന്റെ അടിസ്ഥാനത്തിൽ സംയമനം പാലിക്കേണ്ടതാണ്.

29. പകൽ സമയങ്ങളിൽ ഒരു ജീവനക്കാരൻ തുടർച്ചയായി മൂന്ന് മണിക്കൂറിൽ കൂടുതൽ ബസ് ഓടിക്കുവാൻ പാടില്ലാത്തതാണ്. രാത്രി കാലങ്ങളിൽ രണ്ട് മണിക്കൂറിൽ കൂടുതൽ ഒരു ജീവനക്കാരൻ തുടർച്ചയായി ബസ് ഓടിക്കുവാൻ പാടില്ലാത്തതുമാണ്.

30. സർവ്വീസ് തുടങ്ങുന്നതിന് മുൻപ് ബസ്സിന്റെ അകവും പുറവും പരിശോധിക്കേണ്ടതും, സ്ക്രാച്ചുകൾ വിള്ളലുകൾ തുടങ്ങിയവയുണ്ടെങ്കിൽ മൊബൈലിൽ ഫോട്ടോ എടുത്തിരിക്കേണ്ടതും ആയത് ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ അറിയിച്ചതിനുശേഷം മാത്രമെ സർവ്വീസിന് ടി വാഹനം ഉപയോഗിക്കുവാൻ പാടുള്ളൂ. അല്ലാത്തപക്ഷം ഡ്യൂട്ടി തീർന്നു വരുമ്പോൾ പരിശോധനയ്ക്ക് വിധേയമാക്കുമ്പോൾ ഇത്തരം നഷ്ടങ്ങൾ ടി ക്രൂ ഉത്തരവാദി ആയിരിക്കും.

31. സർവ്വീസിനിടയിൽ വാഹന സംബന്ധമായ യാത്രക്കാരുടെ പരാതികൾ (മൊബൈൽ ചാർജ്ജിംഗ് പോയിന്റുകൾ വർക്ക് ചെയ്യാതിരിക്കുക) ഡ്യൂട്ടി ഫിനിഷ് ചെയ്യുന്ന സമയം അപ്പപ്പോൾതന്നെ ബന്ധപ്പെട്ട മേൽ ഉദ്യോഗസ്ഥർക്ക് രേഖാമൂലം നൽകേണ്ടതാണ്.

32. യാത്രക്കാരോട് അപമര്യാദയായി പെരുമാറിയെന്ന് കമ്പനിക്ക് ബോധ്യപ്പെടുന്ന പക്ഷം നോട്ടീസില്ലാതെ ഉടനടി പിരിച്ചുവിടുന്നതിന് കമ്പനിക്ക് പൂർണ്ണ അധികാരം ഉണ്ടായിരിക്കുന്നതാണ്.

33. യാത്രക്കാരുടെയും ബസ്സിന്റെയും ഉൾപ്പെടെയുള്ള ക്രൂവിന്റെയും സുരക്ഷയുടെ ഉത്തരവാദിത്വം തന്നിൽ നിക്ഷിപ്തമാണെന്ന അവബോധത്തോടെ ഡ്രൈവിംഗ് ഡ്യൂട്ടി നിർവ്വഹിക്കേണ്ടതാണ്.

34. ജീവനക്കാരുടെ കാരണത്താൽ ബസ്സിന്/വാഹനത്തിന് 1,00,000/-(ഒരു ലക്ഷം) രൂപയിലധികം നാശനഷ്ടം ഉണ്ടാകുന്നപക്ഷം പിരിച്ചുവിടുന്നതടക്കമുള്ള നടപടി സ്വീകരിക്കുന്നതിന് കമ്പനിക്ക് പൂർണ്ണ അധികാരം ഉണ്ടായിരിക്കുന്നതും ഇപ്രകാരം പിരിച്ചുവിടുന്നതിലൂടെ കമ്പനിക്ക് സാമ്പത്തികമോ അല്ലാതെയോ യാതൊരു ബാധ്യതയും ഉണ്ടായിരിക്കുന്നതല്ല. ബസ്സുകളിൽ നിരീക്ഷണത്തിനായി ഡ്യുവൽ ക്യാമറകൾ ഘടിപ്പിക്കുന്നതാണ്. ഒരു ലക്ഷത്തിന് താഴെയുള്ള തുകയുടെ നാശനഷ്ടത്തിന് ആനുപാതികമായുള്ള നഷ്ടം ബന്ധപ്പെട്ട ജീവനക്കാരിൽ നിന്നും ഈടാക്കുന്നതാണ്.

35. മദ്യപിച്ചുകൊണ്ട് സർവ്വീസ് ഓപ്പറേഷനിൽ പങ്കെടുക്കുകയോ, മദ്യപിച്ചുകൊണ്ട് സർവ്വീസ് നടത്തുകയോ ചെയ്തതായി കണ്ടുപിടിക്കപ്പെട്ടാൽ യാതൊരു മുന്നറിയിപ്പുമില്ലാതെ നോട്ടീസില്ലാതെ ഉടനടി പിരിച്ചുവിടുന്നതിന് കമ്പനിക്ക് പൂർണ്ണ അധികാരം ഉണ്ടായിരിക്കുന്നതും, ഇപ്രകാരം പിരിച്ചുവിടുന്നതിലൂടെ കമ്പനിക്ക് സാമ്പത്തികമോ അല്ലാതെയോ യാതൊരു ബാധ്യതയും ഉണ്ടായിരിക്കുന്നതല്ല.

36. ദിവസേന ലഭിയ്ക്കുന്ന കളക്ഷൻ കമ്പനി നിഷ്കർഷിയ്ക്കുന്ന കെ.എസ്.ആർ.ടി.സി. യുടെ ടിക്കറ്റ് & ക്യാഷ് സെക്ഷനിലോ നിർദ്ദിഷ്ട ബാങ്ക് അക്കൗണ്ടിലോ നിക്ഷേപിച്ച് രസീത് സമർപ്പിയ്ക്കേണ്ടതാണ്.

37. കെ.എസ്.ആർ.ടി.സി. യുടെ ചെക്കിങ് ഇൻസ്പെക്ടർമാർ ബസ്സുകളിൽ പതിവ് പരിശോധന നടത്തുകയും ടിക്കറ്റില്ലാതെ യാത്രക്കാരെ കണ്ടെത്തുകയാണെങ്കിൽ ഉത്തരവാദികളിൽ നിന്ന് ഉയർന്ന പിഴ ഈടാക്കുകയോ മുന്നറിയിപ്പ് കൂടാതെ ജോലിയിൽ നിന്ന് പിരിച്ചു വിടുന്നതുമാണ്.

## IV. KSRTC -ൽ നിന്ന് വർക്കിംഗ് അറേഞ്ചുമെന്റ് പ്രകാരം നിയമിക്കപ്പെടുന്നവർക്കുള്ള വ്യവസ്ഥകൾ

1. മേൽ ഖണ്ഡികകളിൽ പരാമർശിച്ചിട്ടുള്ള സേവന വ്യവസ്ഥകൾക്ക് വിധേയമായി, സേവനം അനുഷ്ഠിക്കുന്നതിന് സമ്മതമുള്ള KSRTC-യിലെ ജീവനക്കാർക്ക് ഒഴിവുകളുടെ അടിസ്ഥാനത്തിൽ വർക്കിംഗ് അറേഞ്ചുമെന്റ് വ്യവസ്ഥയിൽ D/C തസ്തികയിൽ നിയമനം നൽകുന്നതിന് പരിഗണിയ്ക്കും.

2. മിനിമം വിദ്യാഭ്യാസ യോഗ്യത, പത്താംക്ലാസ് പാസ്സായിരിക്കണം.

3. ഇപ്രകാരം നിയമിതരാകുന്നവർ ഫസ്റ്റ് എയ്ഡ് ട്രെയിനിംഗിൽ പങ്കെടുക്കേണ്ടതും പരീക്ഷ പാസാകേണ്ടതുമാണ്.

4. ഹെവി-ഡ്രൈവിംഗ് ലൈസൻസ്, ബാഡ്ജ്, കണ്ടക്ടർ ലൈസൻസ് എന്നിവ കരസ്ഥമാക്കിയവരെ മാത്രമെ പരിഗണിക്കുകയുള്ളൂ.

5. വർക്കിംഗ് അറേഞ്ചുമെന്റ് വ്യവസ്ഥയിൽ നിയമിക്കപ്പെടുന്ന ജീവനക്കാർക്ക് നിലവിൽ ലഭിച്ചുകൊണ്ടിരിക്കുന്ന ശമ്പളത്തിനായിരിക്കും അർഹത. എന്നാൽ സ്വിഫ്റ്റ് കമ്പനിയിലെ പ്രത്യേക ബത്തകൾ/ഇൻസെന്റീവ് എന്നിവയ്ക്ക് വർക്കിംഗ് അറേഞ്ച്മെന്റ് പ്രകാരം നിയമിക്കപ്പെടുന്നവർക്കും അർഹത ഉണ്ടായിരിക്കും.

6. വർക്കിംഗ് അറേഞ്ച്മെന്റ് വ്യവസ്ഥയിൽ നിയമിക്കപ്പെടുന്ന ജീവനക്കാർക്ക് ബസ് ഓപ്പറേറ്റിംഗ് കാര്യങ്ങളിൽ ബാധകമാകുന്നത് കെ.എസ്.ആർ.ടി.സി. സ്വിഫ്റ്റ് കമ്പനിയുടെ സേവന വ്യവസ്ഥകൾ മാത്രമായിരിക്കും. ഇക്കാര്യത്തിൽ (ഡ്യൂട്ടി/ഷെഡ്യൂൾ തുടങ്ങിയവ), ഈ ജീവനക്കാർക്ക് കെ.എസ്.ആർ.ടി.സി. -യിലെ സേവന വ്യവസ്ഥകൾ ബാധകമായിരിക്കില്ല.